വനമേഖലയിൽ നിലത്തുവീണ മരങ്ങൾ പരസ്യലേലം ചെയ്യാൻ നടപടി

*28 [88] ശ്രീ. സ്റ്റീഫൻ ജോർജ് :
,, ജോസഫ് എം. പുതുശ്ശേരി :
,, തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വന മേഖലകളിൽ കോടിക്കണക്കിനു രൂപ വിലവരുന്ന മരങ്ങൾ നിലത്തു വീണ് തടികൾ നശിച്ചുപോകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കോടി രൂപ വിലവരുന്ന തടികളാണ് വനമേഖലകളിൽ കിടന്ന് നശിച്ചുപോകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇപ്രകാരം വീഴുന്ന മരങ്ങൾ ശേഖരിച്ച് പരസ്യലേലം ചെയ്ത് വിൽക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ എന്തെല്ലാം;

(ഡി) കോടിക്കണക്കിന് രൂപ ഖജനാവിലേക്ക് കണ്ടെത്താനാകുമെന്ന കാരണത്താൽ ഈ കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാവുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) സംസ്ഥാനത്ത് വനമേഖലകളിൽ തടികൾ കടപുഴകിവീണ് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) വനപരിപാലന നിയമം അനുസരിച്ച് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള വർക്കിങ് പ്ലാനിന് അനുസൃതമായി മാത്രമേ കടപുഴകിവീണ മരങ്ങളുടെ ശേഖരണം നടത്താനാവൂ. അംഗീകൃത വർക്കിങ് പ്ലാൻ ലഭ്യമായ ഡിവിഷനുകളിൽ ലാഭകരമായി വിറ്റു മുതൽകൂട്ടാവുന്നവ ശേഖരിച്ച് പരസ്യലേലം നടത്തി സർക്കാരിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകൃത വർക്കിങ് പ്ലാൻ ഇല്ലാത്തവയ്ക്ക് ഇത്തരം ജോലികൾ കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകരിച്ചുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജോലി ചെലവ് (working cost) ലഭിക്കാതെ തടി വിൽക്കുമ്പോൾ നഷ്ടമുണ്ടാകുമെന്നുള്ളതും ദുർഘടമായ വനാന്തരഭാഗങ്ങളിൽനിന്നും ശേഖരിക്കുന്നതും പ്രായോഗിക ബുദ്ധിമുട്ടുകളാണ്.

(ഡി) ലാഭകരമായി ശേഖരിച്ചുവിൽക്കാൻ കഴിയുന്ന തടികൾ ശേഖരിച്ച് ഡിപ്പോകളിലെത്തിച്ചു വിൽക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകംതന്നെ അച്ചൻകോവിൽ, കോന്നി ഡിവിഷനുകളിൽ കടപുഴകി വീണുകിടക്കുന്ന തടികൾ ശേഖരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. മറ്റു ഡിവിഷനുകളിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly